(എ) മദ്യഷാപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച 400 മീറ്റർ ദൂരപരിധി കർശനമായി നടപ്പാക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടും 1985-86—വരെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഷാപ്പുകളെ അതിൽനിന്നൊഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) 1986-87 വർഷത്തേക്ക് സ്വീകരിച്ച 'അബ്കാരി പോളിസി'യുടെ അടിസ്ഥാനത്തിലാണ് ദൂരപരിധി നിശ്ചയിച്ചത്, അതിനാൽ ദൂരപരിധിയിൽ നിന്നും ഷാപ്പുകളെ ഒഴിവാക്കാൻ പ്രയാസമാണ്.

പിരിഞ്ഞു കിട്ടാനുള്ള അബ്കാരി ലേലത്തുക

1646 [2470] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അബ്കാരി ലേലത്തിൽ ഓരോ വർഷത്തേയും ലേലത്തുകയിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശികയിൽ ഏതെങ്കിലും എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

ഇല്ല.

ചെത്തു തൊഴിലാളി ക്ഷേമനിധിയിൽ വിഹിതം അടയ്ക്കാത്ത ഷാപ്പുടമകൾ

1647 [2471] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31—10—1986—വരെ ചെത്തു തൊഴിലാളി ക്ഷേമനിധിയിലേക്ക് ഷാപ്പുടമകൾ എത്ര സംഖ്യ അടയ്ക്കാനുണ്ട്;

(ബി) ഇതിൽ കാൽ ലക്ഷവും അതിൽ അധികവും അടയ്ക്കാനുള്ളവരുടെ പേരും അവർ അടയ്ക്കാനുള്ള സംഖ്യയും പറയാമോ;

(സി) മൊത്തം കുടിശ്ശിക തീർത്തതിനുശേഷമേ ഇവരെ ലേലത്തിൽ പങ്കെടുപ്പിക്കാവൂ എന്നു തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഓരോ വർഷവും ഷാപ്പ് ലേലം നടക്കുന്ന തീയതിയ്ക്കു തൊട്ടു മുൻപിലത്തെ ഡിസംബർ മാസം 31—ാം തീയതിവരെയുള്ള ക്ഷേമനിധി കുടിശ്ശിക മുഴുവൻ അടച്ചുതീർത്തവർക്കു മാത്രമേ ലേലത്തിൽ പങ്കെടുക്കുന്നതിന് ആവശ്യമായ ക്ലിയറൻസ് സർട്ടിഫിക്കറ്റ് അതാതു

LIBRARY ARCHIVES Kerala Legislative Assembly